**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5594** **24-03-2025 - ൽ മറുപടിയ്ക്ക്**

**കാസർകോട് സർക്കാർ മെഡിക്കൽ കോളേജിന്റെ നിലവിലെ അവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 30.11.2013-ന് തറക്കല്ലിട്ട കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ നിലവിലെ അവസ്ഥ അറിയിക്കുമോ; പതിനൊന്ന് വർഷം കഴിഞ്ഞിട്ടും മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാകാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | കാസർഗോഡ് ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ഹോസ്പിറ്റൽ ബ്ലോക്കിലെ മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ് (എം.ഇ.പി) പ്രവൃത്തികളും റസിഡൻഷ്യൽ സൗകര്യങ്ങൾക്കുള്ള നിർമ്മാണ പ്രവൃത്തികളും കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, ഹോസ്പിറ്റൽ ബ്ലോക്കിന്റെ എം.ഇ.പി പ്രവൃത്തിക്ക് 27.53 കോടി രൂപയും അനുബന്ധ നിർമ്മാണ പ്രവൃത്തികൾക്ക് 62.40 ലക്ഷം രൂപയും റസിഡൻഷ്യൽ-സബ്സ്റ്റേഷനുകളിലെ എം.ഇ.പി പ്രവൃത്തിക്ക് 8.28 കോടി രൂപയും നിയമപ്രകാരമുള്ള മറ്റു ചാർജ്ജുകളും ഉൾപ്പെടെ ആകെ 36.45 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. ഹോസ്പിറ്റൽ ബ്ലോക്കിന്റെ എം.ഇ.പി പ്രവൃത്തി നിലവിൽ നടന്നുവരുന്നു. റസിഡൻഷ്യൽ, സബ്സ്റ്റേഷനുകളിലെ എം.ഇ.പി പ്രവൃത്തി എന്നിവ റീടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, ടി ആശുപത്രിയിൽ നിലവിൽ തടസ്സപ്പെട്ടു കിടക്കുന്ന പദ്ധതിയിൽ (നബാർഡ് ഫണ്ടുപയോഗിച്ചുള്ളത്) അവശേഷിക്കുന്ന പ്രവൃത്തികൾ കൂടി കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പാക്കുന്നതു സംബന്ധിച്ച വിഷയം കിഫ്ബി പരിശോധിച്ചുവരുന്നു.<br><br>കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ നിലവിൽ ഓ.പി വിഭാഗം പ്രവർത്തിച്ചു വരുന്നു. കാസർഗോഡ് ഡവലപ്മെന്റ് പാക്കേജ് മുഖേന മെഡിക്കൽ കോളേജിൽ അക്കാദമിക് ബ്ലോക്ക് സജ്ജമാക്കിയിട്ടുണ്ട്. മെഡിക്കൽ കോളേജിൽ അടുത്ത അധ്യയന വർഷം മുതൽ എം.ബി.ബി.എസ് ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ നാഷണൽ മെഡിക്കൽ കമ്മിഷന് സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇപ്പോൾ അവിടെ നടക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്; ഏതെല്ലാം ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾ ഇതുവരെ നടന്നിട്ടുണ്ട്; ഇനി ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾ ബാക്കിയുണ്ട്; ഏതെങ്കിലും നിർമ്മാണ പ്രവൃത്തികൾക്ക് കരാറുകാർക്ക് പണം നൽകാൻ ബാക്കിയുണ്ടോ; വ്യക്തമാക്കാമോ; | (ബി) | നിലവിൽ കാസർഗോഡ് മെഡിക്കൽ കോളേജിൽ കെ.ഡി.പി ഫണ്ട് ഉപയോഗിച്ച് അക്കാദമിക് ബ്ലോക്ക് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പാർപ്പിട സൗകര്യങ്ങളിൽപ്പെട്ട ഗേൾസ് ഹോസ്റ്റൽ, ടീച്ചിങ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണം പ്രസ്തുത ഫണ്ട് ഉപയോഗിച്ച് തന്നെ തുടർന്ന് വരുന്നു. കൂടാതെ ഗേൾസ് ഹോസ്റ്റൽ, ടീച്ചിങ് ക്വാർട്ടേഴ്സ് എന്നിവയുടെ MEP വർക്കുകൾ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ചു തന്നെ ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br><br>കിഫ്ബി ഫണ്ടുപയോഗിച്ച് നിലവിൽ നടന്നുവരുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ട് കരാറുകാരന് നൽകേണ്ട ബിൽ ഒന്നും തന്നെ കിഫ്ബിയിൽ പെൻഡിംഗ് ഇല്ല. |
| (സി) | നിർമ്മാണം പൂർത്തീകരിക്കാൻ ഇനി എത്ര ഫണ്ട് വേണമെന്നും ആ ഫണ്ട് എങ്ങനെ ലഭ്യമാക്കാനാകുമെന്നും എല്ലാ കടമ്പകളും കടന്ന് മെഡിക്കൽ കോളേജ് എപ്പോൾ യാഥാർത്ഥ്യമാകുമെന്നുമുള്ള വിശദാംശം നൽകുമോ? | (സി) | നിലവിൽ കാസർഗോഡ് മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കായി 160.23 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഹോസ്പിറ്റൽ ബ്ലോക്കിന്റെ ബാക്കി പ്രവൃത്തികൾ, ബോയ്സ് ഹോസ്റ്റൽ, ടീച്ചിങ് ക്വാർട്ടേഴ്സ്, നോൺ ടീച്ചിങ് ക്വാർട്ടേഴ്സ്, ഹോസ്പിറ്റൽ ബ്ലോക്കിലേക്കാവശ്യമായ ഉപകരണങ്ങളുടെ പർച്ചേസ് തുടങ്ങിയ അത്യാവശ്യ കാര്യങ്ങൾ ഉൾപ്പെടുന്നുണ്ട്. ടി പ്രവർത്തി പൂർത്തിയാകുന്നതോടെ മെഡിക്കൽ കോളേജ് ആശുപത്രിയുടെ പ്രവർത്തനം പൂർണ തോതിൽ ആരംഭിക്കാവുന്നതാണ്. ബാക്കി നിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ ഫണ്ട് പ്ലാൻ ഫണ്ട് മുഖേനയും, കിഫ്ബി മുഖേനയും, കെ. ഡി. പി മുഖേനയും കണ്ടെത്തുവാൻ കഴിയുന്നതാണ്. ടി ആശുപത്രിയിൽ നിലവിൽ തടസ്സപ്പെട്ടു കിടക്കുന്ന പദ്ധതിയിൽ (നബാർഡ് ഫണ്ടുപയോഗിച്ചുള്ളത്) അവശേഷിക്കുന്ന പ്രവൃത്തികൾ കൂടി കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പാക്കുന്നതു സംബന്ധിച്ച വിഷയം കിഫ്ബി പരിശോധിച്ചുവരുന്നു. കാസർഗോഡ് മെഡിക്കൽ കോളേജിൽ അടുത്ത അദ്ധ്യയന വർഷം മുതൽ എം.ബി.ബി.എസ് ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മെഡിക്കൽ കോളേജിനോട് അനുബന്ധിച്ച് സർക്കാർ നേഴ്സിംഗ് കോളേജ് ആരംഭിച്ച് പ്രവർത്തനം നടന്നു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ